"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്രളയദുരിത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ പ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(സാധ)948/2019/റവ തീയതി 22.03.2019 ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

G.O.(Ms)No.47/2024/RD തീയതി,തിരുവനന്തപുരം, 17-02-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.486/18/ഡി.എം.ഡി. തീയതി 06.09.2018
2. സ.ഉ.(സാധാ) നം. 948/2019/റവ തീയതി 22.03.2019
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 01.07.2022 തീയതിയിലെ DCTSR/7208/2020-H7 നമ്പർ കത്ത്

**ഉത്തരവ്**

പ്രളയവും കാലവർഷക്കെടുതികളും മൂലം വീട് നഷ്ടപ്പെട്ടവരേയും വീട് വാസയോഗ്യമല്ലാതായിത്തീർന്നവരേയും പുനരധിവസിപ്പിക്കേണ്ടതാണെന്നും ഭൂമി ലഭ്യമായിടത്ത് ഓരോ കുടുംബത്തിനും 3 മുതൽ 5 സെന്റ് വരെ ഭൂമി നല്കി അതിൽ വീടുകൾ നിർമ്മിക്കുകയും ഭൂമിയുടെ ലഭ്യത കുറവുള്ള സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിക്കുകയും ചെയ്ത് കൊണ്ട് പുനരധിവാസത്തിന് ഊന്നൽ നല്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് പൊതു ആവശ്യത്തിലേക്കായി നീക്കി വെച്ചിട്ടുള്ള പെരിഞ്ഞനം വില്ലേജിൽ സർവ്വെ നം.251/3-ൽ ഉൾപ്പെട്ട 0.2469 ഹെക്ടർ ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി പരാമർശം (1)-ലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) തൃശ്ശൂർ ജില്ലയിലെ പ്രളയ ബാധിത പഞ്ചായത്തുകളിൽ ഒന്നായ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതർ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയവർ തുടങ്ങി 14 ഗുണഭോക്താക്കളെ റോട്ടറി ക്ലബ് പണികഴിപ്പിച്ച ഭവന സമുച്ചയത്തിന്റെ ഗുണഭോക്താക്കളായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിവേദനം സമർപ്പിച്ചിരുന്നു.

3) പെരിഞ്ഞനം വില്ലേജിൽ സർവ്വെ നമ്പർ 251/3 ൽപ്പെട്ട 0.2469 ഹെക്ടർ ഭൂമിയിൽ വീടുകൾ നിർമ്മിക്കുന്നതിനായി പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റായ കോയമ്പത്തൂർ റോട്ടറി സ്പെക്ട്രം ട്രസ്റ്റ് ഒന്നാം കക്ഷിയായും സംസ്ഥാന സർക്കാരിന് വേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർ രണ്ടാം കക്ഷിയായും പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന് വേണ്ടി പ്രസിഡന്റ് മൂന്നാം കക്ഷിയായും 26.03.2019 തീയതിയിൽ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ 14 വീടുകൾ

പൂർത്തീകരിച്ച ജില്ലാ കളക്ടർക്ക് താക്കോൽ കൈമാറിയിട്ടുള്ളതുമാണ് എന്നും പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി പൂർത്തീകരിക്കപ്പെട്ട 14 വീടുകളിൽ 2 എണ്ണം മാത്രമാണ് പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായി വന്നത എന്നും ബാക്കി വരുന്ന ഭവനങ്ങളിൽ പ്രളയ ബാധിതർ അല്ലാത്തതും എന്നാൽ ഭൂരഹിത ഭവന രഹിതരുമായിട്ടുള്ള ഗുണഭോക്താക്കളെ കൂടി പുനരധിവസിപ്പിക്കാവുന്നതാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) മേൽസാഹചര്യത്തിൽ 22.03.2019 തീയതിയിലെ ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ പ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(സാധ)948/2019/റവ തീയതി 22.03.2019 സർക്കാർ ഉത്തരവിൽ " പ്രളയബാധിതർക്കു പുറമേ പ്രളയബാധിതരല്ലാത്തതും എന്നാൽ ഭൂരഹിത ഭവനരഹിതരുമായിട്ടുള്ള ഗുണഭോക്താക്കളെ കൂടി പുനരധിവസിപ്പിക്കുന്നതിനായി " എന്ന് ഉൾപ്പെടുത്തി ടി സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

8) പരാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TINKU BISWAL
PRINCIPAL SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
പ്രസിഡന്റ് , പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്
പൊതുഭരണ(എസ് സി) വകുപ്പ്(14.2.2024-ലെ ഇനം നം 2062 പ്രകാരം)
നിയമവകുപ്പ് (ജി2/132/2022/Law പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Priya Vincent
Date: 17-02-2024 12:00:32
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-02-2024

ഇനം നം: 2062

ഫയൽ നം. എൽ3/94/2021/റവ.

വിഷയം : റവന്യൂ വകുപ്പ് - പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3-ൽപ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(സാധാ.).948/2019/റവ. തീയതി 22.03.2019 സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

15/2

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2062

കേരള സർക്കാർ

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എൽ3/94/2021/റവ. |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ പ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(സാധ) 948/2019/റവ തീയതി 22/03/2019 സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.02.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | നിയമ വകുപ്പ്<br>അതെ |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.മേരി ലാലി. സി. വൈ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.02.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.02.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.02.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.02.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ പ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ.(സാധ) 948/2019/റവ തീയതി 22/03/2019 സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്

2) തൃശ്ശൂർ ജില്ലയിലെ പ്രളയ ബാധിത പഞ്ചായത്തുകളിൽ ഒന്നായ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതർ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയവർ തുടങ്ങി 14 ഗുണഭോക്താക്കളെ റോട്ടറി ക്ലബ് പണികഴിപ്പിച്ച ഭവന സമുച്ചയത്തിന്റെ ഗുണഭോക്താക്കളായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ജില്ലാ കളക്ടർ താഴെ പറയും പ്രകാരം അറിയിച്ചിരുന്നു.

06/09/2018-ലെ സ.ഉ.( സാധ ) 468/2018/റവ പ്രകാരം 2018 ലെ പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിനായി വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടുകൾ / ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് നടപടി സ്വീകരിക്കുന്നതിനായി ചില നിബന്ധനകൾക്ക് വിധേയമായി ഉത്തരവായിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ ഉൾപ്പെട്ട 0.2469 ഹെക്ടർ (61 സെന്റ്) ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതും പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിലേയ്ക്കായി 1963 ലെ ഭൂപരിഷ്കരണനിയമം 32-ാം ചട്ട പ്രകാരം പൊതു ആവശ്യത്തിലേക്കായി നീക്കി വെച്ചുകൊണ്ട് സംസ്ഥാന ലാന്റ്

ബോർഡ് ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ ഉൾപ്പെട്ട 0.2469 ഹെക്ടർ (61 സെന്റ്) ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിയ്ക്കുന്നതിന് അനുവദിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി സ.ഉ.(സാധ) 948/2019/റവ തീയതി 22/03/2019 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രളയവും കാലവർഷക്കെടുതികളും മൂലം വീട് നഷ്ടപ്പെട്ടവരെയും വീട് വാസയോഗ്യമല്ലാതായിത്തീർന്നവരെയും വാസയോഗ്യമായതും പരിസ്ഥിതിയ്ക്ക് അനുയോജ്യമായതുമായ ഭൂമിയിൽ തന്നെ പുനഃരധിവസിപ്പിക്കേണ്ടതുണ്ടെന്നും ആയതിനായി സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ, വ്യക്തികളോ, സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഉപയോഗിക്കാവുന്നതാണെന്നും ഭൂമി ലഭ്യമായിട്ടുള്ളിടത്ത് ഓരോ കുടുംബത്തിനും 3 മുതൽ 5 സെന്റ് വരെ ഭൂമി നൽകി അതിൽ വീടുകൾ നിർമ്മിക്കുകയും ഭൂമി ലഭ്യത കുറവുള്ളിടങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിക്കുകയും ചെയ്തുകൊണ്ട് പുനരധിവസിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ ഉൾപ്പെട്ട 0.2469 ഹെക്ടർ (61 സെന്റ്) ഭൂമിയിൽ പ്രളയബാധിതരെ പുനഃരധിവസിപ്പിക്കുന്നതിന് വീടുകൾ നിർമ്മിക്കുന്നതിലേയ്ക്കായി പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റായ റോട്ടറി കോയമ്പത്തൂർ സ്പെക്ട്രം ട്രസ്റ്റ് ഒന്നാം പാർട്ടിയും സംസ്ഥാന സർക്കാരിനുവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർ രണ്ടാം പാർട്ടിയായും പെരിഞ്ഞനം ഗ്രാമപഞ്ചായത്തിനു വേണ്ടി പ്രസിഡന്റ് ശ്രീസചിത്ത് കെ.

3

കെ., മൂന്നാം പാർട്ടിയായും 26.03.2019 ന് ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതും 14 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ജില്ലാ കളക്ടർക്ക് താക്കോൽ കൈമാറിയിട്ടുള്ളതാണ്.

3) പ്രളയ ബാധിതരെ പുനഃരധിവസിപ്പിക്കുന്നതിനായി പൂർത്തീകരിക്കപ്പെട്ട 14 വീടുകളിൽ 2 എണ്ണം മാത്രമാണ് പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായി വന്നത്. ബാക്കി വരുന്ന ഭവനങ്ങളിൽ പ്രളയ ബാധിതർ അല്ലാത്തതും എന്നാൽ ഭൂരഹിത ഭവന രഹിതരുമായിട്ടുള്ള ഗുണഭോക്താക്കളെ കൂടി പുനരധിവസിപ്പിക്കാവുന്നതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനായി 22.03.2019 തീയതിയിലെ സ.ഉ. (സാധാ) 948/2019/റവ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

4) ഇക്കാര്യത്തിൽ നിയമ വകുപ്പ് താഴെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്

" *മിച്ചഭൂമിയായി സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി സംസ്ഥാനത്തെ ഭൂരഹിതർക്ക് വിതരണം ചെയ്യുകയെന്ന സദുദ്ദേശമാണ് 1963 ലെ ഭൂ പരിഷ്കരണ നിയമത്തിനുള്ളത്. ഇക്കാര്യം ആക്ടിന്റെ 96-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കുന്നു. എന്നാൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമിയിൽ നിന്നും ഏതെങ്കിലും ഭൂമി ഏതെങ്കിലും പബ്ലിക് പർപ്പസിന് വേണ്ടി നീക്കി വയ്ക്കുന്നതിന് സർക്കാരിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ആക്ടിന്റെ 96(1A) വകുപ്പിൽ വ്യക്തമാക്കുന്നുണ്ട്. ആക്ടിന്റെ ഉദ്ദേശത്തിനനുസൃതമായി ഭൂരഹിതർക്കു ടി ഭൂമി വിതരണം ചെയ്യുകയാണ് ഉദ്ദേശ്യം എന്നതിനാൽ 22/03/2019 തീയതിയിലെ സ.ഉ.(സാധ) 948/2019/റവ നമ്പർ സർക്കാർ ഉത്തരവിൽ " പ്രളയബാധിതരല്ലാത്തതും എന്നാൽ ഭൂരഹിത*

ഭവനരഹിതരുമായിട്ടുള്ള പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളെ കൂടി പുനഃരധിവസിപ്പിക്കാവുന്നതാണ് " എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് തന്നെ ഉചിത തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ആയതിന് നിയമ തടസമില്ല എന്നും ടി വകുപ്പിനെ അറിയിക്കുന്നു. "

5) തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിലും ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ, ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ സർവ്വെ 251/3 ൽ പ്പെട്ട ഭൂമി അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സ.ഉ. (സാധ) 948/2019/റവ തീയതി 22/03/2019 സർക്കാർ ഉത്തരവിൽ " പ്രളയബാധിതർക്കു പുറമേ പ്രളയബാധിതരല്ലാത്തതും എന്നാൽ ഭൂരഹിത ഭവനരഹിതരുമായിട്ടുള്ള ഗുണഭോക്താക്കളെ കൂടി പുനരധിവസിപ്പിക്കുന്നതിനായി " എന്ന് ഉൾപ്പെടുത്തി ടി സർക്കാർ ഉത്തരവ് ഭേദഗതി വരുത്തേണ്ടതുണ്ടോ?